**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3117** **19.06.2018 ൽ മറുപടിയ്ക്ക്**

**കേരഗ്രാമം പദ്ധതി**

| ചോദ്യം<br>**ശ്രീ.അനൂപ് ജേക്കബ്** | | മറുപടി<br>**ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
|---|---|---|
| എ) കൃഷിവകുപ്പ് നടപ്പിലാക്കി വരുന്ന കേരഗ്രാമം പദ്ധതിയിൽ ഏതൊക്കെ പ്രദേശങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; | എ) & ബി) | 2018-19 വർഷത്തെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങളുടെ പട്ടിക തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ച് വരുകയാണ്. |
| ബി) പ്രസ്തുത പദ്ധതിയിൽ പിറവം നിയോജക മണ്ഡലത്തിലെ പ്രദേശങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് അറിയിക്കുമോ; ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | | |
| സി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്താൻ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ? | സി) | സമഗ്ര നാളികേര വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ ആവിഷ്കരിച്ച കേരഗ്രാമം പദ്ധതിയ്ക്ക് 250 ഹെക്ടർ നാളികേര കൃഷി വിസ്തൃതിയുള്ള പ്രദേശം ഒരു പഞ്ചായത്തിൽ മാത്രമായോ, അല്ലെങ്കിൽ സമീപ പഞ്ചായത്തുകൾ ചേർത്ത് രൂപീകരിക്കുവാൻ സാധിക്കുന്നതോ ആയിരിക്കണം എന്നതാണ് പ്രധാന മാനദണ്ഡം. കൂടാതെ മുൻ കാലങ്ങളിൽ പദ്ധതി നടപ്പിലാക്കിയവയെ ഒഴിവാക്കി പുതിയ പ്രദേശങ്ങളിലേയ്ക്ക് പദ്ധതി വ്യാപിപ്പിക്കുക എന്നുള്ളതും പദ്ധതി പ്രദേശം തിരഞ്ഞെടുക്കുന്നതിൽ മാനദണ്ഡമായി സ്വീകരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**